II ശ്രദ്ധ ക്ഷണിക്കൽ

(1) കോഴിക്കോട് ജില്ലയിലെ വിവിധ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി അടുത്തകാലത്തായി കോഴിക്കോട് ജില്ലയിലെ വ്യവസായങ്ങളും ഫാക്ടറികളും അടച്ചുപൂട്ടിയത് കാരണം ഇരുപതിനായിരത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനിടയായ അതീവഗുരുതരമായ പ്രശ്നത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. മാവൂരിലെ ഗ്രാസിം കമ്പനി, എരഞ്ഞിപ്പാലത്തെ കാഷ്യൂ കമ്പനി, മമ്മളി കോഫി, ഫറോക്കിലെ ഓട്ട് കമ്പനി, ഇഷ്ടിക കമ്പനികൾ, വെസ്റ്റ് ഇൻഡ്യ സ്റ്റീൽ കമ്പനി, തോട്ടം, കയർ, കൈത്തറി, ബീഡി, റബ്ബർ, പ്ലാസ്റ്റിക് കമ്പനികൾ, ചെറുകിട എൻജിനീയറിംഗ്, കെൽട്രോൺ, കെ.എസ്.ഒ, സിൽക്, കെ.റ്റി.സി പാഴ്സൽ, ഖാദി ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളിൽ പണിയെടുത്തിരുന്നവരായിരുന്നു ഇവർ. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞതിന്റെ ഫലമായി കോഴിക്കോട് വലിയങ്ങാടിയിൽ ദിനംപ്രതി 5 കോടി രൂപയുടെ കച്ചവടം നടന്ന സ്ഥലത്ത് അത് 65 ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. അതിന്റെ ഫലമായി വിവിധ മേഖലകളിൽ പണിയെടുത്തിരുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്കും തൊഴിലില്ലാതായിട്ടുണ്ട്. ഫറോക്ക് മേഖലയിൽ 13 ടൈൽ ഫാക്ടറികളും 50 ചെറുകിട ഇഷ്ടിക കമ്പനികളും പ്രവർത്തിച്ചിരുന്നു. അതിൽ 5 ടൈൽ കമ്പനികളും 50 ഇഷ്ടിക കമ്പനികളും ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. ഇതിൽ 8 ഫാക്ടറികൾ ഭാഗികമായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ ഫാക്ടറികളിൽ രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഓട് വ്യവസായത്തെ സംരക്ഷിക്കാൻ, അതിന്റെ പ്രധാന അസംസ്കൃത വസ്തുവായ കളിമണ്ണ് ലഭിക്കുന്നതിന് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശമായ കെ.എൽ.യു ആക്റ്റിൽ ഭേദഗതി വരുത്തണം. കളിമണ്ണ് ശേഖരിക്കുന്നതിനുള്ള റോയൽറ്റി എടുത്തുകളയണം. 160 വർഷം പഴക്കമുള്ള ഓട് വ്യവസായം നവീകരിക്കാൻ സർക്കാർ ആവശ്യമായ സഹായങ്ങൾ നൽകണം. മറ്റൊരു പ്രധാന വ്യവസായമായ മലബാർ സ്പിന്നിംഗ് മിൽസിൽ താൽക്കാലികക്കാരടക്കം 349 തൊഴിലാളികൾ പണിയെടുക്കുന്നു. ചൗധരി കമ്മിറ്റി അടച്ചുപൂട്ടാൻ തീരുമാനിച്ചവയുടെ ലിസ്റ്റിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താമരാക്ഷൻ കമ്മിറ്റി ഇത് നവീകരിച്ച് ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട് അതുകൊണ്ട് ഈ സ്ഥാപനം നവീകരിച്ച് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടിയെടുക്കണം. ഇത് മലബാറിലെ ഏറ്റവും പഴയ ഒരു സ്ഥാപനമാണ്. കെ.എസ്.ഒ അടഞ്ഞുകിടക്കുകയാണ്. തൊഴിലാളികളുമായി ചർച്ച നടത്തി കമ്പനി തുറക്കാൻ നടപടി സ്വീകരിക്കണം. ഗ്രാസിം കമ്പനി അടച്ചുപൂട്ടുമ്പോൾ 1300-ഓളം കരാർ തൊഴിലാളികളുടെ പ്രശ്നം തീർപ്പാക്കാതെ കിടക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

9.30.A.M.]

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതാണ് എഴുതിവായിച്ചാലുള്ള കുഴപ്പം. മുഴുവൻ വായിച്ചാലേ നിർത്താൻ സാധിക്കുകയുള്ളു. എഴുതി വായിക്കരുതെന്ന് റൂളിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർക്കാരിന്റെ പുതിയ പ്രഖ്യാപനങ്ങൾ, ഐ.റ്റി.യുടേയൊ മറ്റേതെങ്കിലും മേഖലയുടേയൊ ഫലമായി പുതിയ വ്യവസായങ്ങളോ പുതിയ തൊഴിലവസരങ്ങളോ ഒന്നുമുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ഫറോക്കിലെ കമ്പനികളുടെയും മലബാർ സ്പിന്നിംഗ് മിൽസിന്റെയും കാര്യത്തിൽ അടിയന്തരമായി നടപടികൾ ഉണ്ടാകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. കോഴിക്കോട് കെ.ടി.ഡി.സി-യിലെ 112 സ്ഥിരം തൊഴിലാളികളെ പിരിച്ചുവിട്ടു. ആ തൊഴിലാളികൾ ഇന്ന് സമരത്തിലാണ്. അത് സർക്കാർ ഇടപെട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

മി.സ്പീക്കർ : അത് ലേബർ മിനിസ്റ്റർ ചെയ്തുകൊള്ളും.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : വളരെ മുൻപൊക്കെ നന്നായിട്ട് പ്രവർത്തിച്ചിരുന്ന ഈ വ്യവസായ മേഖലയിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഓട് വ്യവസായം കുറച്ചുകാലമായിട്ട്, വിവിധ പ്രശ്നങ്ങളെ നേരിടുകയാണ്. ഫറോക്ക് മേഖലയിൽ ഏതാണ്ട് പതിനായിരത്തോളം ആളുകൾ ജോലിചെയ്തിരുന്നു. കളിമണ്ണിന്റെ ലഭ്യത ഗുരുതരമായ ഒരു പ്രശ്നമാണ്. അതുപോലെതന്നെ വിറക് പോലെയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഓട് വ്യവസായത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇഷ്ടിക വ്യവസായത്തിനും ഇതുപോലെയുള്ള പ്രശ്നങ്ങൾ ബാധിച്ചിട്ടുണ്ട്. മാത്രമല്ല ഇതൊക്കെ അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് കിട്ടുമെന്നുള്ളത് ചില സാധനങ്ങളുടെ ഇവിടുത്തെ നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. കൂലിച്ചെലവ്പോലെയുള്ള ഉൽപ്പാദനച്ചെലവ് വളരെ കൂടുതലാണ് ; വില കൂടുതലാണ്. അതുപോലെതന്നെ അസംസ്കൃത സാധനങ്ങളുടെ ലഭ്യത വളരെ കുറവാണ്. അങ്ങനെയുള്ള ഘടകങ്ങൾ കുറച്ചുകാലമായിട്ട് ഈ വ്യവസായങ്ങളെ ബാധിച്ചിട്ടുണ്ട്. പക്ഷേ പുതിയ രീതിയിലൊക്കെ പലരും മാറ്റങ്ങൾ വരുത്തിയും അതുപോലെതന്നെ ചെലവ് കുറച്ചുമൊക്കെ പിടിച്ചുനിൽക്കാൻ വേണ്ടി ശ്രമിക്കുന്നുണ്ട്. പുതിയ വ്യവസായങ്ങളൊക്കെ ഈ രംഗത്ത് വരുന്നുണ്ട്. മാവൂർ റയോൺസിന്റെ കാര്യം എല്ലാവർക്കുമറിയാം. ഞാനത് വിശദീകരിക്കേണ്ട കാര്യമില്ല. ആ കമ്പനി നിന്നുപോയി. മലബാർ സ്പിന്നിംഗ് മില്ലിന്റെ കാര്യം പറഞ്ഞു. അത് ഇ.ആർ.സി.-യുടെ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല. ഇവിടെ പറഞ്ഞതുപോലെ വളരെ പഴയ മില്ലാണ്. വളരെ പഴയ മിൽ എന്നുള്ള നിലയ്ക്ക് മുന്നോട്ടുകൊണ്ടു പോകുമ്പോൾ നഷ്ടം വലിയൊരു പ്രശ്നമാണ്. ആ കമ്പനിയുടെ അക്യുമുലേറ്റഡ് ലോസ്സും വളരെ കൂടുതലാണ്. പുതിയ മേഖലകൾ പലതും വളർന്നുവരുന്നുണ്ട്. പ്ലാസ്റ്റിക് വ്യവസായങ്ങൾ, ഐ.റ്റി വ്യവസായങ്ങൾ എന്നിവ. അങ്ങനെ നമ്മൾ വ്യാകുലപ്പെടേണ്ട കാര്യമില്ല. കാരണം ഇതൊരു ട്രാൻസിഷനാണ്. ചിലത് പോകും ചിലത് വരും. പക്ഷേ അവയെ പിടിച്ചുനിർത്താൻ നമ്മൾ കഴിയാവുന്നത്ര ചെയ്യണം. വളരെയധികം അതിന് സപ്പോർട്ട് കൊടുത്തുനിർത്താൻ നോക്കും.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഓട് വ്യവസായത്തെക്കുറിച്ചും കോഴിക്കോട് ജില്ലയിൽ വളരെയധികമുണ്ടായിരുന്ന മരവ്യവസായ മേഖലയെ ബാധിച്ചിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർ സജസ്റ്റ് ചെയ്യുകയാണെങ്കിൽ നമുക്ക് ചർച്ച ചെയ്യാം. എന്തൊക്കെ സപ്പോർട്ട് കൊടുക്കാൻ കഴിയുമോ അത് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഓട് വ്യവസായത്തിലെ തൊഴിലാളികളെയും ഉടമകളെയും വിളിച്ച് ചേർത്ത് അവരുടെ കളിമണ്ണ്, വിറക് എന്നിവയുടെ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിരമായി ഒരു ചർച്ച നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ പറഞ്ഞല്ലോ. ചർച്ച നടത്താം. ശ്രീ. രാജേന്ദ്രനുമൊക്കെ ഉന്നയിച്ചതിനെത്തുടർന്ന് ഞങ്ങൾ തൃശ്ശൂർ ഏരിയയിൽ ചർച്ച നടത്തി. അതുപോലെ വേണമെങ്കിൽ ചർച്ച നടത്താം.

(2) കുഷ്ഠരോഗാശുപത്രികളുടെ പ്രത്യേകിച്ച് നൂറനാട് കുഷ്ഠരോഗാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. കെ. കെ. ഷാജു : സർ, മൂന്ന് ലെപ്രസി സാനട്ടോറിയങ്ങളാണ് കേരളത്തിലുള്ളത്. ഒന്ന് എന്റെ നിയോജകമണ്ഡലത്തിലെ നൂറനാടാണ്. അത് ഏഷ്യയിലെ ഏറ്റവും വലിയ ലെപ്രസി സാനട്ടോറിയമാണ്. 1934-ൽ ആരംഭിച്ചതാണ്. ആദ്യം അത് തിരുവനന്തപുരത്തെ ഊളമ്പാറയിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഊളമ്പാറ ആശുപത്രി എന്നൊരു പേര് കൂടി ആ ആശുപത്രിക്കുണ്ട്. മറ്റൊന്ന് കൊരട്ടിയാണ്. അത് 1861-ൽ സാൽവേഷൻ ആർമിയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ്. പിന്നീടുള്ളത് ചേവായൂരിലാണ്. അത് 1897-ൽ ബാസൽമിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ്. കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ ശോചനീയാവസ്ഥയെ സംബന്ധിച്ച് ഈ സഭയുടെ ആദ്യ സമ്മേളനത്തിൽ പ്രൊഫസർ സാവിത്രി ലക്ഷ്മണൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. അവിടെ മൂന്ന് വർഷമായി പാദരക്ഷപോലും അന്തേവാസികൾക്ക് കൊടുക്കുന്നില്ല. നൂറനാട്ടിൽ കഴിഞ്ഞ ഏഴ് വർഷമായി വാർഷിക അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. 50-60 വർഷം പഴക്കമുള്ള കെട്ടിടങ്ങൾ ചോർന്നൊലിക്കുകയാണ്. ചുറ്റുമതിലുകൾ ഇല്ല ; തകർന്നുകിടക്കുകയാണ്. ഒരുവശത്ത് ഫെൻസിംഗ് പോലുമില്ല. അംഗഭംഗം വന്നവരും മറ്റ് തരത്തിൽ ദുരിതമനുഭവിക്കുന്നവരുമായിട്ടുള്ള ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ നായ്ക്കളും മറ്റും കടന്നുവരികയാണ്. മൂന്ന് മാസങ്ങൾക്ക് മുൻപ് നാല് നായ്ക്കൾ വാർഡിൽ കടന്നുകയറി അന്തേവാസികളെ കടിച്ചു. കടിക്കാൻ വരുന്ന നായ്ക്കളെ കൈ ഉയർത്തി തടയാൻപോലും കഴിയാത്ത ആളുകളെയാണ് ഈ വിധത്തിൽ നായ്ക്കൾ ആക്രമിച്ചത്. നാല് പേരെ ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അതുകൊണ്ട് ചുറ്റുമതിലിന്റെ പ്രശ്നത്തിൽ അടിയന്തരമായി പരിഹാരം കാണാൻ കഴിയണം. ഇവിടെ വേനൽക്കാലത്ത് കുടിക്കാൻ വെള്ളമില്ല. കൃഷിക്ക് ഉപയോഗിക്കുന്ന വെള്ളമാണ് ഇപ്പോൾ കുടിക്കാൻ വേണ്ടി പ്രധാനമായിട്ടും ഉപയോഗിച്ചുവരുന്നത്. അതിനൊരു പരിഹാരമുണ്ടാക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly